➪ പല ദുരന്തങ്ങളും ഭരണകൂട സൃഷ്ടിയോ മനുഷ്യനിർമ്മിതമോ ആണ് എന്നതിൽ തർക്കമില്ല ➪

ദുരന്താനന്തരം
**കേരളം**

# പ്രളയാനന്തര കാലത്തെ സ്വയംഭരണ സാധ്യതകൾ

സ്വയംഭരണത്തിന്റെ ജനകീയരൂപങ്ങൾ വളർത്തിയെടുക്കുന്നതിൽ ശ്രദ്ധചെലുത്തേണ്ട കാലഘട്ടമാണിത്. ഭരണകൂട കേന്ദ്രീകൃതമായിട്ടല്ല അത് ചെയ്യേണ്ടത്. എന്തുകൊണ്ടാണ് അതിന് പുറത്ത് ബദലുകൾ പരീക്ഷിക്കാൻ നമ്മൾ ശ്രമിക്കാത്തത്? അത്തരം ഗ്രാമസഭാ രൂപങ്ങൾക്കുള്ള സാധ്യതകൾ ഈ സമൂഹത്തിൽ തന്നെ ഗർഭം ധരിച്ചിരിക്കുന്നു എന്നാണ് പ്രളയാനന്തരകാലം പഠിപ്പിക്കുന്നത്.

**എം. ഗീതാനന്ദൻ**

2018 ഒക്ടോബർ 3ന്, 'മാറുന്ന കാലാവസ്ഥ, മാറേണ്ട വികസന സങ്കൽപ്പം' എന്ന പരിപാടിയിൽ എറണാകുളം പ്രസ് അക്കാദമിയിൽ നടത്തിയ പ്രഭാഷണം.

**പ്രളയാനന്തരം** കേരളത്തിൽ നടക്കുന്ന സംവാദങ്ങളിൽ കാണാൻ കഴിയുന്ന ഒരു പ്രധാനപ്പെട്ട പ്രശ്നം അത് പ്രളയം പോലെയുള്ള കെടുതികളിൽ നിന്നും നമ്മളെ രക്ഷിക്കുന്നതിനുള്ള ഉത്തരവാദിത്തം ഭരണകൂടത്തിൽ നിക്ഷിപ്തമാക്കുന്നതരത്തിലുള്ള സമീപനമാണ് മുന്നോട്ടുവയ്ക്കുന്നത് എന്നതാണ്. ഈ ചിന്താപരിസരത്തിൽ നിന്നും പൂർണ്ണമായും വിച്ഛേദനം ആവശ്യമാണെന്നാണ് എന്റെ അഭിപ്രായം. ഇപ്പോൾ കേരളത്തിൽ ഉണ്ടായതടക്കമുള്ള പല ദുരന്തങ്ങളും ഭരണകൂട സൃഷ്ടിയോ മനുഷ്യനിർമ്മിതമോ ആണ് എന്നതിൽ തർക്കമില്ല. ഇത്തരത്തിലുള്ള ദുരന്തങ്ങളിൽ നിന്നും ഭരണകൂടങ്ങൾ അധികം ആളുകളെ രക്ഷിച്ച ചരിത്രവുമില്ല. അത് മനസ്സിലാക്കിക്കൊണ്ടാകണം പ്രളയാനന്തര ചർച്ചകൾ മുന്നോട്ടുപോകേണ്ടത്. മറ്റൊരുകാര്യം, കാലാവസ്ഥാ വ്യതിയാനത്തിന്റെ പ്രശ്നത്തെ മുൻനിർത്തി ഇപ്പോഴുണ്ടായ ദുരന്തത്തെ കാണുന്നതരത്തിലുള്ള ചർച്ചകളാണ് ഏറെ നടക്കുന്നത് എന്നതാണ്. ആ സമീപനത്തിലും ചില പ്രശ്നങ്ങളുണ്ട് എന്നാണ് എന്റെ അഭിപ്രായം.

നമ്മൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ തീർച്ചയായും ആഗോള കാലാവസ്ഥാ വ്യതിയാനവുമായി ബന്ധമുള്ളതാണെങ്കിലും കേരളത്തിന്റെ സവിശേഷ സാഹചര്യങ്ങൾ കൂടി തീർച്ചയായും പ്രളയാനന്തരം നടക്കുന്ന ചർച്ചകളിൽ വിലയിരുത്തപ്പെടേണ്ടതാണ്. കാലാവസ്ഥാ വ്യതിയാനത്തേക്കാളേറെ കേരളം തന്നെ സൃഷ്ടിച്ച പ്രശ്നങ്ങളാണ് ദുരന്തവ്യാപ്തി കൂട്ടിയതെന്ന് അപ്പോൾ വ്യക്തമാകും. കാലാവസ്ഥാ വ്യതിയാനവും കാലാവസ്ഥാ പ്രവചനത്തിന്റെ കൃത്യതകുറവുമാണ് ദുരന്തമുണ്ടാക്കിയതെന്ന വിലയിരുത്തലിലാണ് മന്ത്രിമാർ അടക്കം എത്തിയിരിക്കുന്നത്. തീർച്ചയായും കാലാവസ്ഥാ വ്യതിയാനം പ്രവചനാത്മകമല്ലാത്ത സാഹചര്യം സൃഷ്ടിച്ചിട്ടുണ്ട് എന്നത് വസ്തുതയാണ്. ആ സാഹചര്യത്തിൽ കാലാവസ്ഥാ വ്യതിയാനം കാരണമുണ്ടാകുന്ന ദുരന്തങ്ങളെ അഭിമുഖീകരിക്കാനുള്ള ശേഷി ഒരു സമൂഹം എന്ന നിലയിൽ നമ്മൾ കൈവരിക്കുകയാണ് വേണ്ടത്. കേരളത്തെ സംബന്ധിച്ച് നിർമ്മാണ മേഖലയിലല്ല മുഖ്യമായും പുനർനിർമ്മാണ പ്രവർത്തനങ്ങൾ നടക്കേണ്ടത്. പാരിസ്ഥിതികമായ സമീപനത്തിൽ നിന്നുകൊണ്ടുള്ള വികസന സങ്കൽപ്പവും ഭൂവിനിയോഗ-വിഭവവിനിയോഗ നയങ്ങളും രൂപപ്പെട്ടുവരേണ്ട ഒരു കാലഘട്ടത്തിലാണ് കേരളമുള്ളത്. ഇപ്പോൾ ഭരണകൂടതലത്തിൽ നടക്കു

ന്ന നവകേരളത്തെക്കുറിച്ചുള്ള ആലോചനകൾ കേവലം നിർമ്മാണ പ്രവർത്തനങ്ങളിലേക്ക് വഴിതിരിഞ്ഞുപോകുമോ എന്ന സംശയവും നിലനിൽക്കുന്നുണ്ട്. കേരളത്തിന്റെ പാരിസ്ഥിതിക ആവാസവ്യവസ്ഥയെ സംരക്ഷിക്കുന്നതരത്തിലുള്ള വിഭവവിനിയോഗ നയമാണ് രൂപപ്പെട്ടുവരേണ്ടത്. അത്തരത്തിലുള്ള ഒരു നയരൂപീകരണത്തിന് ഉപകാരപ്പെടുന്ന നിർദ്ദേശങ്ങളാണ് നമ്മൾ മുന്നോട്ടുവയ്ക്കേണ്ടത്. കേരളത്തിൽ 40000 കോടി രൂപയുടെ നഷ്ടമുണ്ടായി എന്നാണ് പ്രാഥമിക വിലയിരുത്തൽ. ശരിയായിരിക്കാം. പക്ഷെ ഈ പറയുന്ന തുകയേക്കാൾ എത്രയോ വലുതാണ് പശ്ചിമഘട്ടത്തിന്റെയും തണ്ണീർത്തടങ്ങളുടെയും മൂല്യം. ദുരന്തത്തെത്തുടർന്നുണ്ടായ നാശനഷ്ടങ്ങൾ ആ മൂല്യത്തിൽ വലിയ കുറവുണ്ടാക്കിയിരിക്കുന്നു. കേരളത്തിന്റെ അത്തരത്തിലുള്ള പാരിസ്ഥിതിക മൂല്യം ഇന്നേവരെ കണക്കാക്കപ്പെട്ടിട്ടില്ലാത്ത ഒന്നാണ്. അതിന് വിലകൽപ്പിക്കുന്ന ഒരു സമീപനമാണ് ഇവിടെ ഉണ്ടായിവരേണ്ടത്. ആ സമീപനത്തിൽ നിന്നുകൊണ്ടു മാത്രമേ കേരളത്തിന് മുന്നോട്ടുപോകാൻ കഴിയൂ.

ഈ സാഹചര്യത്തിൽ കേരളത്തിന്റെ ആവാസവ്യവസ്ഥയേയും വികസനത്തേയും കുറിച്ച് ചരിത്രപരമായ ഒരു അവലോകനം നടത്തേണ്ടതുണ്ട്. പശ്ചിമഘട്ടത്തെയും വന ആവാസവ്യവസ്ഥയേയും ആശ്രയിച്ചിരുന്ന കേരളത്തിലെ പരമ്പരാഗത സമൂഹങ്ങളുടെ സ്ഥിതി പഴയകാലത്ത് വളരെ സമ്പന്നമായിരുന്നു. പ്രകൃതിവിഭവ സമ്പത്ത് പ്രദാനം ചെയ്ത മിച്ചമൂല്യത്തിന്റെ സമാഹരണമായിരുന്നു അവരുടെ സാമ്പത്തിക സ്രോതസ്സ്. അതുപോലെ സമുദ്രസമ്പത്തിന്റെ മിച്ചമൂല്യമായിരുന്നു തീരപ്രദേശങ്ങളിൽ ജീവിക്കുന്ന പരമ്പരാഗത സമൂഹങ്ങളുടെ സമ്പന്നത. 16-ാം നൂറ്റാണ്ടിന് ശേഷമാണ് കയറിന്റെയും കൈത്തറിയുടെയും കശുവണ്ടിയുടെയും വ്യവസായ സംരംഭങ്ങളിലൂടെ മോഡേൺ ഇൻഡസ്ട്രി ഇവിടേക്ക് വരുന്നത്. ആധുനിക ഉത്പാദനവ്യവസ്ഥയ്ക്ക് ആവശ്യമായ വിഭവസമാഹരണം നടത്താനുള്ള മിച്ചമൂല്യം പാരിസ്ഥിതികമായി കേരളത്തിനുണ്ടായിരുന്നു. അതേസമയം ചരിത്രപരമായി കാർഷിക മേഖലകളായിരുന്ന നെല്ലറകളിൽ നിന്നും കാര്യമായ മിച്ചമൂല്യം ഉണ്ടായിവരാനുള്ള സാമൂഹ്യസാചര്യം നമ്മുടെ നാട്ടിൽ ഉണ്ടായിരുന്നില്ല. ജാതി ജടിലമായ സാമൂഹ്യഘടന നിലനിന്നിരുന്നതിനാൽ കാർഷിക മിച്ചം പലതട്ടുകളിലായി, പലജാതി സമൂഹങ്ങളിലേക്ക് വിഘടിച്ചുപോയി. സെറ്റിൽഡ് കൃഷിയിലൂടെ കാര്യമായ രീതിയിലുള്ള വിഭവസമാഹരണം നടത്താൻ തിരുവിതാംകൂർ, കൊച്ചി നാട്ടുരാജ്യങ്ങൾക്ക് പോലും കഴിഞ്ഞിരുന്നില്ല. പഴയകാല യുദ്ധങ്ങൾ ശ്രദ്ധിച്ചാൽ കാണാം സമ്പത്ത് എവിടെ നിന്നാണ് വന്നിരുന്നതെന്ന്. പണ്ടകശാലകൾ പിടിച്ചെടുക്കുന്നതിനും സംരക്ഷിക്കുന്നതിനും വേണ്ടിയാണ് യുദ്ധങ്ങൾ സംഘടിപ്പിക്കപ്പെട്ടത്. വനാശ്രിത സമൂഹങ്ങൾ സംഭരിച്ചതും അവരു വഴി ശേഖരിച്ചതുമായ വലിയ വിഭവസ്രോതസ്സായിരുന്നു ഈ പണ്ടകശാലകളിൽ ഉണ്ടായിരുന്നത്. വനത്തിൽ നിന്നും ലഭ്യമായ ആ വലിയ മൂലധനസഞ്ചയത്തെയാണ് ഈസ്റ്റ് ഇന്ത്യ കമ്പനി പിടിച്ചെടുക്കുന്നത്. വനം ഒരു വലിയ വിഭവസ്രോതസ്സാണെന്ന് കൊളോണിയൽ ശക്തികൾ മനസ്സിലാക്കുന്നത് അങ്ങനെയാണ്. പണ്ടകശാലകൾ കീഴടക്കിയശേഷം ഈ വിഭവങ്ങൾ നേരിട്ട് കൈവശപ്പെടുത്തുന്നതിനായി വനമേഖലയിൽ അവർ ആധിപത്യം ഉറപ്പിച്ചു. പശ്ചിമഘട്ട മേഖലയിൽ വലയിതോതിലുള്ള തോട്ടവത്കരണം ആരംഭിക്കുന്നത് ഇങ്ങനെയാണ്. 1850കൾ മുതൽ ആ പ്രക്രിയ തുടർന്നു. 1905-07 കാലഘട്ടത്തിൽ വയനാട്ടിലേക്ക് അത് വ്യാപിച്ചു. തുടർന്ന് ബ്രിട്ടീഷ് തോട്ടവത്കരണത്തിനെതിരെ പണിയ ആദിവാസി വിഭാഗത്തിന്റെ മുൻകൈയിൽ ചെറുത്തുനിൽപ്പുകളുണ്ടാകുന്നുണ്ട്. മൂന്നാർ മേഖലയിലും ഇതേ സമയത്ത് തോട്ടങ്ങൾക്ക് വേണ്ടി വൻതോതിൽ വനനശീകരണം നടക്കുന്നുണ്ട്. 1927ൽ വനനിയമം വരുകയും വനങ്ങൾ സ്റ്റേറ്റിന്റെ ഭാഗമാവുകയും ചെയ്യുന്നു. വൻകിട തോട്ടവത്കരണത്തിന്റെ ഭാഗമായ ഇക്കോണമി കേരളത്തിൽ വേരുപിടിക്കുന്നത് പശ്ചിമഘട്ട മലനിരകളിലേക്കുള്ള കൊളോണിയൽ അധിനിവേശത്തോടെയാണ്. അതിന് പിൻബലമേകുന്ന സമീപനമാണ് വനം വകുപ്പും സ്വീകരിച്ചിരുന്നത്. 1927ലെ ഇന്ത്യൻ ഫോറസ്റ്റ് ആക്ട് ആണെങ്കിലും 60ലെ കേരള വനനിയമം ആണെങ്കിലും വനത്തെ പൂർണ്ണമായും ഒരു ഉത്പന്നമായി കാണുന്ന കൊളോണിയൽ സമീപനമാണ് പിന്തുടർന്നത്. തോട്ടവത്കരണത്തെ പ്രോത്സാഹിപ്പിക്കുന്ന നയമാണ് വനം വകുപ്പ് തുടർന്നത്. 1980ൽ വനസംരക്ഷണ നിയമം വന്നിട്ടും അതിന് മാറ്റമുണ്ടായില്ല. ആറളം ഫാമിന്റെ കാര്യം തന്നെ ഉദാഹരണമായി എടുക്കാം. സ്വകാര്യവനമായിരുന്ന ആറളം വനംവകുപ്പ് മറ്റൊരു സ്വകാര്യവ്യക്തിക്ക് കൂപ്പ് നടത്തുന്നതിനായി ലേലത്തിൽ കൊടുക്കുകയായിരുന്നു. കൂപ്പു നടത്തിയിരുന്നവർ 1200 ഏക്കർ വനഭൂമിയും വെട്ടിനിരപ്പാക്കി. പിന്നീട് ആ പ്രദേശം ഒരു

സ്വകാര്യവ്യക്തിയിൽ നിക്ഷിപ്തമായി. ആറളം വന്യജീവി സങ്കേതം എന്ന് പറയപ്പെടുന്ന പ്രദേശത്തിന്റെ ബഫർ ഏരിയയിൽ കാണുന്ന തോട്ടങ്ങൾ അതാണ്. ആറളത്ത് മാത്രമല്ല, പശ്ചിമഘട്ട പ്രദേശങ്ങളിലെ ജൈവസമ്പന്നമായ മേഖലകളെല്ലാം തേക്കു തോട്ടങ്ങൾക്ക് വഴിമാറി. പശ്ചിമഘട്ട മേഖലയിൽ നടന്ന ഏറ്റവും വലിയ വനനശീകരണം ഈ തോട്ടവത്കരണമായിരുന്നു. ഈ തോട്ടങ്ങളാണ് പശ്ചിമഘട്ട മലനിരകളെ ഉരുൾപൊട്ടൽ സാധ്യതയുള്ള പ്രദേശങ്ങളാക്കി മാറ്റുന്നത്. ആറളത്ത് ഇത്തവണയും ഉരുൾപൊട്ടൽ ഉണ്ടായത് തേക്കുതോട്ടത്തിനോട് ചേർന്നുള്ള പ്രദേശത്താണ്. തോട്ടവത്കരണവും വനനിയമങ്ങളും ചേർന്നാണ് വനാശ്രിത സമൂഹങ്ങളുടെ സമ്പത്തിനെ നശിപ്പിച്ചുകൊണ്ട് കൊളോണിയൽ സമീപനത്തിലൂടെ ഈ മേഖല കൈവശപ്പെടുത്തിയത്.

> പരമ്പരാഗത സമൂഹങ്ങളുടെ അവരുടെ ആവാസവ്യവസ്ഥയിൽ നിന്നും പുറന്തള്ളുന്ന ഈ പ്രക്രിയ കേരളത്തിൽ ഉടനീളം നടന്നിരുന്നു. മുത്തങ്ങയിൽ ബിർള കമ്പനിക്ക് വേണ്ടി ഒരു റെയ്ഞ്ച് തന്നെ വെട്ടിവെടിപ്പാക്കി. കേരളത്തിലെ ആദിവാസി സമൂഹങ്ങളെ കോളനികളിലേക്ക് തള്ളിവിടുന്നതിൽ വലിയൊരു പങ്കുവഹിച്ചത് തോട്ടവത്കരണത്തിന്റെ ഭാഗമായി നടന്ന വനനശീകരണമാണ്. മധ്യതിരുവിതാംകൂറിൽ നിന്നുണ്ടായ കുടിയേറ്റത്തേക്കാളെല്ലാം എത്രയോ വലുതായിരുന്നു ആ വനനശീകരണം.

ഏലമലക്കാടുകൾ എത്തരത്തിലാണ് ഇന്നുകാണുന്ന തരത്തിൽ വൻകിട തോട്ടക്കാരുടെ കൈവശം എത്തിയതെന്ന് ഡോ. ശിവാനന്ദൻ ഇ.പി.ഡബ്ല്യുൽ ഒരു പ്രബന്ധം എഴുതിയിരുന്നു. 1960കൾക്കും 65നും ഇടയിൽ നടന്ന ഒരു പ്രക്രിയയായിരുന്നു ഇത്. മന്നാന്മാർ ഉൾപ്പെടെയുള്ള ആദിവാസി സമൂഹം കൃഷി ചെയ്തിരുന്ന പരമ്പരാഗത മേഖലകളായിരുന്നു അത്. കാടിന്റെ അതിർത്തി നിശ്ചയിച്ച്, ജണ്ടയിട്ട് ആദിവാസി സമൂഹങ്ങളെ അവിടെ നിന്നും പുറത്താക്കി. എന്നിട്ട് ആ പ്രദേശങ്ങൾ തദ്ദേശീയരായ മറ്റ് സമൂഹങ്ങൾക്ക് പാട്ടത്തിന് നൽകുകയായിരുന്നു. ആദിവാസികൾ ജണ്ടയ്ക്ക് പുറത്തായി. ഏലമലക്കാടുകൾ കയ്യേറിയവരുടെ കുത്തകപ്പാട്ടങ്ങളോ പിന്നീട് പട്ടയമായും മാറുന്നു. പരമ്പരാഗത സമൂഹങ്ങളുടെ അവരുടെ ആവാസവ്യവസ്ഥയിൽ നിന്നും പുറന്തള്ളുന്ന ഈ പ്രക്രിയ കേരളത്തിൽ ഉടനീളം നടന്നിരുന്നു. മുത്തങ്ങയിൽ ബിർള കമ്പനിക്ക് വേണ്ടി ഒരു റെയ്ഞ്ച് തന്നെ വെട്ടിവെടിപ്പാക്കി. കേരളത്തിലെ ആദിവാസി സമൂഹങ്ങളെ കോളനികളിലേക്ക് തള്ളിവിടുന്നതിൽ വലിയൊരു പങ്കുവഹിച്ചത് തോട്ടവത്കരണത്തിന്റെ ഭാഗമായി നടന്ന വനനശീകരണമാണ്. മധ്യതിരുവിതാംകൂറിൽ നിന്നുണ്ടായ കുടിയേറ്റത്തേക്കാളെല്ലാം എത്രയോ വലുതായിരുന്നു ആ വനനശീകരണം. തോട്ടവത്കരണം എന്ന ഈ വികസന സമീപനത്തെ വിമർശനാത്മകമായി കാണാതെ കേരളത്തിന്റെ പരിസ്ഥിതി പുനസ്ഥാപനത്തെക്കുറിച്ച് ചിന്തിക്കുന്നതിൽ അർത്ഥമില്ല.

അതുപോലെ പ്രധാനപ്പെട്ട ഒന്നാണ് അണക്കെട്ടുകളുണ്ടാക്കുന്ന പ്രശ്നങ്ങൾ. പ്രാദേശിക കാലാവസ്ഥാ വ്യതിയാനത്തിന്റെ കാര്യത്തിൽ ഡാമുകളുടെ ജലസംഭരണികൾ ചെലുത്തുന്ന സ്വാധീനത്തെക്കുറിച്ച് വിശദമായി പഠിക്കേണ്ടതുണ്ട്. ആഗോള കാലാവസ്ഥാ വ്യതിയാനത്തിന്റെ ഭാഗമായുണ്ടാകുന്ന മാറ്റങ്ങളെ സ്വാധീനിക്കുന്ന തരത്തിലുള്ള ഇത്തരം ആഭ്യന്തര വ്യതിയാനങ്ങൾ അപകടകരമായ രീതിയിലേക്ക് വളർന്നിട്ടുണ്ടോ എന്ന് നോക്കണം. ഇത്തരം പരിസ്ഥിതി മാറ്റങ്ങളെ പരിഗണിച്ചുകൊണ്ടുള്ള നയപരമായ മാറ്റങ്ങളാണ് കേരളത്തിലുണ്ടാകേണ്ടത്. ഗാഡ്ഗിൽ സമിതിയുടെ നിർദ്ദേശങ്ങൾ അത്തരത്തിലുള്ള ഒന്നായിരുന്നു. പ്രാദേശിക വിഭവവിനിയോഗത്തിൽ തദ്ദേശീയ സമൂഹത്തിന്റെ പങ്ക് ഉറപ്പിക്കുന്ന നിർദ്ദേശങ്ങളായിരുന്നു അത്. ആ സമീപനം തന്നെയാണ് നമ്മൾ മുന്നോട്ടുകൊണ്ടുപോകേണ്ടത്. സ്വയംഭരണത്തിന്റെ ജനകീയരൂപങ്ങൾ വളർത്തിയെടുക്കുന്നതിൽ ശ്രദ്ധചെലുത്തേണ്ട കാലഘട്ടമാണിത്. ഭരണകൂട കേന്ദ്രീകൃതമായിട്ടല്ല അത് ചെയ്യേണ്ടത്. അത്തരം ബദലുകൾ നിലവിലുള്ള പഞ്ചായത്തീരാജ് സംവിധാനത്തിനുള്ളിലാണ് പരീക്ഷിക്കേണ്ടത് എന്ന രീതിയിലാണ് പലപ്പോഴും പരിഹാരങ്ങൾ നിർദ്ദേശിക്കപ്പെടാറുള്ളത്. ഇത് ഒരു അസംബന്ധമാണെന്നാണ് എന്റെ അഭിപ്രായം. കാരണം നിലവിലുള്ള പഞ്ചായത്തീരാജ് സംവിധാനം ഭരണകൂടക്രമത്തിന്റെ ഭാഗം മാത്രമാണ്. ആ സംവിധാനത്തിന്റെ നിശ്ചലാവസ്ഥയ്ക്ക് കാരണം അതുതന്നെയാണ്. അതിനെ ചലിപ്പിക്കുക എളുപ്പമല്ല. എന്തുകൊണ്ടാണ് അതിന് പുറത്ത് ബദലുകൾ പരീക്ഷിക്കാൻ നമ്മൾ ശ്രമിക്കാത്തത്? അ

ത്തരം ഗ്രാമസഭാ രൂപങ്ങൾക്കുള്ള സാധ്യതകൾ ഈ സമൂഹത്തിൽ തന്നെ ഗർഭം ധരിച്ചിരിക്കുന്നു എന്നാണ് പ്രളയാനന്തരകാലം പഠിപ്പിക്കുന്നത്. ഭരണകൂട സംവിധാനങ്ങൾ പുറത്ത് പരീക്ഷണാത്മകമായ ഒട്ടേറെ കാര്യങ്ങൾ പ്രളയകാലത്ത് നടക്കുകയുണ്ടായി. മനുഷ്യർ ഉണരുക മാത്രമായിരുന്നില്ല, സമാന്തരമായ ചില സംവിധാനങ്ങൾ സൃഷ്ടിക്കുകകൂടി ചെയ്തിരുന്നു. ഇതിനെയെല്ലാം സ്റ്റേറ്റ് സ്ട്രക്ചറിന്റെ ഉള്ളിലേക്ക് തിരുകുക എന്നത് അസംബന്ധമാകും. ബദലായ രൂപങ്ങൾ സജീവമായി മുന്നോട്ടുകൊണ്ടുപോയാൽ മാത്രമേ സ്റ്റേറ്റ് മിഷനറിക്ക് പോലും ഇപ്പോൾ ചലിക്കാൻ കഴിയൂ എന്നതാണ് അവസ്ഥ. പഞ്ചായത്തീരാജ് സംവിധാനങ്ങൾ പോലും ചലനാത്മകമാകണമെങ്കിൽ ഇത്തരം സമാന്തരമായ സംവിധാനങ്ങൾ ചലിക്കണം. സ്റ്റേറ്റിന് അതിനെ ഏകോപിപ്പിക്കാൻ താത്പര്യമില്ല. പക്ഷെ ജനങ്ങൾക്ക് ഉപകാരപ്പെടാൻ പോകുന്നത് ഇത്തരം സംവിധാനങ്ങളായിരിക്കും. ചില ഒറ്റപ്പെട്ട ശ്രമങ്ങളല്ലാതെ ദുരന്തമേഖലകളിലൊന്നും ഇത്തരം അന്വേഷണങ്ങൾ നടക്കുന്നില്ല എന്നതാണ് അവസ്ഥ. ജനകീയാസൂത്രണകാലത്ത് ഉണ്ടായിരുന്ന ആവേശത്തെ സ്റ്റേറ്റ് സ്ട്രക്ചറിന്റെ പുറത്ത് രൂപപ്പെടുത്തിയെടുക്കാൻ കഴിയുമോ എന്ന് ആലോചിക്കേണ്ടതുണ്ട്. ആദിവാസി മേഖലയിൽ ഊരുക്കൂട്ടങ്ങളുടെ രൂപത്തിൽ ഇത് മുന്നേ നടക്കുന്നുണ്ട്. പരമ്പരാഗത വിഭവവിനിയോഗ രീതിയിൽ നിന്നും കേരളം മാറണമെങ്കിൽ ഇത് സംഭവിക്കേണ്ടതുണ്ട്. എല്ലാ വിഭവങ്ങളും വിപണി വസ്തുവാക്കി മാറ്റിയിരിക്കുന്ന കേരളത്തിന് ആ രീതിയിൽ നിന്നും മാറാതെ മുന്നോട്ടുപോകാൻ കഴിയാത്ത സ്ഥിതിയാണുള്ളത്. ദുരിതബാധിതരായ പാർശ്വവത്കൃത സമൂഹങ്ങളുമായി സംവദിക്കുന്നതിലൂടെ മാത്രമേ ഈ വിഭവവിനിയോഗ രീതി തിരുത്താൻ കഴിയൂ എന്നാണ് ഞാൻ കരുതുന്നത്.■

## പ്രകൃതി ദുരന്തങ്ങളും ആദിവാസി–ദലിത് സമൂഹവും

കേരളത്തിലെ ആദിവാസി–ദലിത് മേഖല ദുരന്തത്തെ എങ്ങനെയാണ് നോക്കിക്കാണുന്നത്? പുനർനിർമ്മാണത്തെക്കുറിച്ച് എന്താണ് പറയാനുള്ളത്? ഇടമലക്കുടി–നിലമ്പൂർ–കുട്ടനാട് അനുഭവങ്ങൾ...

(സെപ്തംബർ 16ന് എറണാകുളത്ത് നടന്ന ആദിവാസി-ദലിത് പ്രളയാനന്തര കൂടിച്ചേരലിൽ സംസാരിച്ചത്)

# മേൽമണ്ണിനെ ഉറപ്പിച്ചു നിർത്തുകയാണ് പ്രധാനം

**രാമചന്ദ്ര ചോല, ഇടമലക്കുടി**

**കേരളത്തിലെ** ആദിവാസി, ദളിത്, മത്സ്യത്തൊഴിലാളി സമൂഹങ്ങൾ പ്രളയസമയത്ത് മാത്രമല്ല അല്ലാത്തപ്പോഴും പാരിസ്ഥിതികമായ നിരവധി പ്രശ്നങ്ങൾ അനുഭവിക്കുന്നവരാണ്. മത്സ്യത്തൊഴിലാളികളെ മാത്രം ബാധിച്ച ഓഖി ദുരന്തം അതിന്റെ ഏറ്റവും വലിയ ഉദാഹരണമാണ്. നൂറു കണക്കിനാളുകളുടെ മരണത്തിന് കാരണമായിട്ടും ഓഖി കേരളത്തിന്റെ പൊതുസമൂഹത്തെ അലട്ടുന്ന ഒരു പ്രശ്നമായി മാറിയതേയില്ല.

പശ്ചിമഘട്ടമേഖലയിൽ നൂറുകണക്കിന് ഉരുൾപ്പൊട്ടലുകളാണുണ്ടായത്. പലരുടെയും വീടുകൾ തകർന്നു. കൃഷിനാശവും വളരെ കൂടുതലായിരുന്നു. നാണ്യവിളകളാണ് ഹൈറേഞ്ചുകളിൽ പ്രധാനമായും കൃഷി ചെയ്യുന്നത്. ദീർഘകാല അടിസ്ഥാനത്തിൽ നടക്കുന്ന കൃഷിയായതിനാൽ കർഷകരെ സംബന്ധിച്ച് വലിയ നഷ്ടമാണുണ്ടായത്. ഉരുൾപ്പൊട്ടലുണ്ടായ സ്ഥലങ്ങളിലെ റോഡുകളും മറ്റ് അടിസ്ഥാന സൗകര്യങ്ങളുമെല്ലാം തകർന്നു. രാജക്കുമാരിക്കടുത്ത് മഞ്ഞക്കുഴി എന്ന സെറ്റിൽമെന്റിൽ മാത്രം 40 തവണയാണ് ഉരുൾപ്പൊട്ടലുണ്ടായത്. ആളപായങ്ങളുണ്ടായില്ലെങ്കിലും കൃഷിയെല്ലാം നശിച്ചു. ഇടമലക്കുടിയിലും സമാനമായ അനുഭവം തന്നെയായിരുന്നു. കാലവർഷത്തിന്റെ തുടക്കത്തിൽ തന്നെ അവിടുത്തെ കൃഷിയെല്ലാം വെള്ളം കയറി നശിച്ചിരുന്നു. മഴയെ എങ്ങനെ നേരിടണമെന്ന് പരിചയമുണ്ടായിരുന്നതുകൊണ്ടാണ് ജീവൻ നഷ്ടപ്പെടാതെ പിടിച്ചുനിൽക്കാൻ കഴിഞ്ഞത്. മഴക്കാലത്ത് ഭക്ഷിക്കാനുള്ള സാധനങ്ങൾ വീടുകളിൽ ശേഖരിച്ചുവെക്കുന്ന ശീലമുള്ളവരായിരുന്നു ആദിവാസികൾ. കപ്പ, പയറുവർഗ്ഗങ്ങൾ, കിഴങ്ങുവർഗ്ഗങ്ങൾ, നെല്ല്, റാഗി തുടങ്ങിയവ ഇതിനായി സ്വയം ഉത്പാദിപ്പിക്കുമായിരുന്നു. ഇന്ന് അതിന് സാധിക്കാത്ത അവസ്ഥയാണ്. ഇത്തവണ സാധാരണഗതിയിൽ പെയ്യുന്നതിലും അൽപ്പം കൂടുതലായി മഴ പെയ്തു എന്നേയുള്ളൂ. എന്നാൽ ഇപ്പോൾ പെയ്ത മഴ താങ്ങാനുള്ള ശേഷി കേരളത്തിന്റെ ഇക്കോളജിക്ക് ഇല്ല എന്നതാണ് നാം ചിന്തിക്കേണ്ട സംഗതി. മലകളും പുഴകളും വനങ്ങളും വയലുകളുമെല്ലാം അത്രയ്ക്ക് നശിപ്പിക്കപ്പെട്ടിട്ടുണ്ട് എന്നതാണ് സത്യം. ഉരുൾപ്പൊട്ടലുണ്ടായ സ്ഥലങ്ങളിലെല്ലാം മേൽമണ്ണിളക്കി കെട്ടിടങ്ങൾ പണിയുകയോ കൃഷി ചെയ്യുകയോ ചെയ്തതു കാണാം. മണ്ണിന്റെ സ്വാഭാവിക ഘടനയെ താറുമാറാക്കിക്കൊണ്ടാണ് ഇത്തരം പരുവപ്പെടുത്തലുകളെല്ലാം നടക്കുന്നത് എന്നതാണ് പരിസ്ഥിതി പ്രശ്നങ്ങളുടെ ഒരു മുഖ്യ കാരണം. ഡാം കെട്ടിയതോടെ സ്വാഭാവിക നീരൊഴുക്ക് നഷ്ടപ്പെട്ട് വറ്റിവരണ്ട പുഴത്തടങ്ങളിൽ ആളുകൾ കൃഷി ചെയ്യുകയാണ്. വീടുകൾ പണിയു